# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4916 01/07/13-ൽ മറുപടിക്ക്

## അഡാക്ക് വഴി പദ്ധതികളുടെ ആനുകൂല്യ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>,, ബെന്നി ബെഹനാൻ :<br>,, കെ. ശിവദാസൻ നായർ :<br>,, പി.എ. മാധവൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ ആനുകൂല്യ വിതരണത്തിന് അഡാക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 2012-13 വർഷത്തിൽ അഡാക്ക് താഴെ വിവരിക്കുന്ന പദ്ധതികളിൽ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.<br><br>**I. സംസ്ഥാനാവിഷ്കൃത പദ്ധതി**<br><br>(i) ഒരു നെല്ലും ഒരു മീനും പദ്ധതി, കോൾ നിലങ്ങൾ:<br>ഇതുവരെ 56,34,826/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>(ii) പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി :<br>ഇതുവരെ 85,46,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>(iii) കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി:<br>ഇതുവരെ 1,50,59,953/- രൂപ സഹായധനമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>**II. 13-ാം ധനകാര്യ കമ്മീഷൻ - കുട്ടനാട് പാക്കേജ്**<br><br>(എ) കുട്ടനാടൻ കാർഷിക-പരിസ്ഥിതി പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ<br><br>(i) സുസ്ഥിര മത്സ്യകൃഷി പദ്ധതി:<br>ഇതുവരെ 6,23,18,675/- രൂപ വിവിധ ഘടക പദ്ധതികളിലായി വിതരണം ചെയ്തിട്ടുണ്ട്. |

(ii) വളപ്പുകളിലെ (പെൻ) മത്സ്യകൃഷി പദ്ധതി

ഇതുവരെ 12,61,155/- രൂപ ആനുകൂല്യമായി വിതരണം ചെയ്തിട്ടുണ്ട്.

(iii) പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം

3 ലക്ഷം രൂപ ഈ വർഷം ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കുട്ടനാട് പാക്കേജ്

(i) കൂടു കൃഷി പദ്ധതി (Cage Culture)

ഇതുവരെ 62,01,600/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) **I. സംസ്ഥാനാവിഷ്കൃത പദ്ധതി**

(i) ഒരു നെല്ലും ഒരു മീനും പദ്ധതി:

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിലും തൃശൂർ, മലപ്പുറം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കോൾ പാടങ്ങളിലും നെൽകൃഷിക്കുശേഷം തരിശ്ശായി കിടക്കുന്ന സമയത്ത് ആറ്റുകൊഞ്ച്/മത്സ്യകൃഷി ചെയ്യുന്ന പദ്ധതി.

(ii) പൊക്കാളി പാടങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി

എറണാകുളം, ആലപ്പുഴ, തൃശൂർ എന്നീ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷിക്ക് ശേഷം ചെമ്മീൻ കൃഷി നടത്തി നെല്ലിന്റെയും ചെമ്മീനിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി.

(iii)കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കൈപ്പാട് നിലങ്ങളിൽ നെൽകൃഷിക്ക് ശേഷം ചെമ്മീൻ കൃഷി നടത്തി നെല്ലിന്റെയും ചെമ്മീനിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി. അഞ്ചുപേരിൽ കുറയാത്ത അംഗങ്ങളുള്ള സ്വയംസഹായ സംഘങ്ങളാണ് ഗുണഭോക്താക്കൾ. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ 149 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

**II.13-ാം ധനകാര്യകമ്മീഷൻ - കുട്ടനാട് പാക്കേജ്.**

(എ) കുട്ടനാടൻ കാർഷിക - പരിസ്ഥിതി പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ

13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ സമഗ്ര മത്സ്യകൃഷി വികസന പദ്ധതിയാണിത്. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങളാണ് ഉള്ളത്.

(i) സുസ്ഥിര മത്സ്യകൃഷി പദ്ധതി

നെൽകൃഷിക്ക് ശേഷമുള്ള ഇടവേളകളിൽ മത്സ്യ/ ആറ്റുകൊഞ്ച് കൃഷി നടപ്പിലാക്കി വരുന്നു.

(ii) വളപ്പുകളിലെ (പെൻ) മത്സ്യകൃഷി പദ്ധതി

ഈ പദ്ധതിയിൽ പൊതുജലാശയങ്ങളിൽ 10 m x 10 m വരുന്ന വളപ്പുകളിൽ കരിമീൻ കുഞ്ഞുങ്ങളെ വളർത്തി വരുന്നു. ഒരു വർഷം 100 യൂണിറ്റ് വീതം ആകെ 300 യൂണിറ്റ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഒന്നാം വർഷം 100 യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതിൽ 65000 മത്സ്യവിത്ത് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

(iii) പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം

ഒന്നാം വർഷം 30 യൂണിറ്റുകൾ സ്ഥാപിച്ച് കരിമീൻ വിത്തുല്പാദനം നടത്തി.

(ബി) കുട്ടനാട് പാക്കേജ്

(i) കൂട് കൃഷി പദ്ധതി

കുട്ടനാടൻ ജലാശയങ്ങളിൽ സ്വയംസഹായ സംഘങ്ങൾ മുഖേന കൂടുകളിൽ പ്രധാനമായും കരിമീൻ, തിലാപ്പിയ എന്നീ മത്സ്യങ്ങളുടെ കൃഷിയാണ് ഈ പദ്ധതി മൂലം ഉദ്ദേശിക്കുന്നത്.

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(സി) (i) ഒരു നെല്ലും ഒരു മീനും പദ്ധതിയും ഭാഗമായി ബണ്ട് നിർമ്മാണം

സ്ലൂയിസ് നിർമ്മാണം, മറ്റു പശ്ചാത്തല സൗകര്യ വികസനം എന്നിവയ്ക്കും മത്സ്യവിത്ത്, തീറ്റ തുടങ്ങിയ ആവർത്തന ചെലവുകൾക്കും സബ്സിഡി നൽകി വരുന്നു. നിലവിൽ പശ്ചാത്തല സൗകര്യ വികസനത്തിന് 60% ഉം

ആവർത്തന ചെലവുകൾക്ക് 75%വും സബ്സിഡിയായി നൽകി വരുന്നു. കൂടാതെ ആവശ്യമായ സാങ്കേതിക സഹായവും അഡാക്ക് നൽകുന്നു.

(ii) പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷിക്കും ബണ്ട് നിർമ്മാണം, കനാൽ നിർമ്മാണം, സ്ലൂയീസ് നിർമ്മാണം എന്നിവയ്ക്കായി 60% ഉം മത്സ്യവിത്ത്, തീറ്റ തുടങ്ങിയ ആവർത്തന ചെലവുകൾക്ക് 75% ഉം സബ്സിഡി നൽകുന്നു.

(iii) കൈപ്പാട് പാടങ്ങളിലെ ചെമ്മീൻ കൃഷിക്ക് ബണ്ട നിർമ്മാണം, സ്ലൂയീസ് വാൽവ്, ഫാം ഷെഡ്, പമ്പ് എന്നിവയ്ക്കും ആവർത്തന ചെലവുകളായ ചെമ്മീൻ വിത്ത് തീറ്റ എന്നിവയ്ക്കും രണ്ടാം വിളവ് ഇറക്കുന്നതിനുമായി മൊത്തം ചെലവിന്റെ 75% സബ്സിഡിയായി നൽകുന്നു.

(iv) കുട്ടനാട് കാർഷിക - പരിസ്ഥിതി പുനരുജ്ജീവനം-സുസ്ഥിര മത്സ്യകൃഷി പദ്ധതിയിൽ പുറംബണ്ട്, സ്ലൂയിസ്, നേഴ്സറി ബണ്ട് എന്നിവയുടെ നിർമ്മാണത്തിന് 60% ഉം മത്സ്യവിത്ത്, കുളം തയ്യാറാക്കൽ, തീറ്റ എന്നിവയ്ക്കും 75% ഉം സബ്സിഡി നൽകുന്നു.

(v) വളപ്പുകളിലെ മത്സ്യകൃഷിക്ക് പെൻ നിർമ്മാണം, സ്ഥാപിക്കൽ മത്സ്യവിത്തു വില, തീറ്റ എന്നിവയ്ക്കും 60% സബ്സിഡി നൽകുന്നു.

(vi)കൂടുകളിലെ മത്സ്യകൃഷിക്ക് കൂടു നിർമ്മാണ ത്തിന്റെ 80% സബ്സിഡിയായി നൽകുന്നു.

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) 2012-13 വർഷം പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 2013-14 വർഷം പദ്ധതികൾ തുടരുന്നതി നാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |

Rajendran

സെക്ഷൻ ഓഫീസർ